# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3497** — **12.05.2017**-ൽ മറുപടിക്ക്

## തിരുവനന്തപുരം മൃഗശാലയിൽ പുതുതായി എത്തുന്ന മൃഗങ്ങൾ

ചോദ്യം

ശ്രീ. പാറയ്ക്കൽ അബ്ദുല്ല

മറുപടി

ശ്രീ. കെ.രാജു

( ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാലയിൽ ഇപ്പോൾ എത്ര ഹിമാലയൻ കരടികളുണ്ട്; ഇവ എന്നാണ് മൃഗശാലയിലെത്തിയത്; എവിടെ നിന്നാണ് ഇവയെ കൊണ്ടുവന്നത്; വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം മൃഗശാലയിൽ 2 ഹിമാലയൻ കരടികളാണുള്ളത്. 18/01/2017-ൽ ആണ് നാഗാലാന്റ് മൃഗശാലയിൽ നിന്നും ഇവയെ കൊണ്ടുവന്നിട്ടുള്ളത്. |
| (ബി) | ഇവയ്ക്കുപുറമേ വെള്ളസിംഹം, കഴുതപ്പുലി എന്നിവ അടുത്തു തന്നെ മൃഗശാലയിൽ എത്തുമോ; എങ്കിൽ എവിടെ നിന്നാണ് ഇവയെ കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കാൻപൂർ മൃഗശാലയിൽ നിന്നുമാണ് കഴുതപ്പുലികളെ കൊണ്ടുവരുന്നത്. വെള്ളസിംഹത്തെ ലഭ്യമാകുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരിക്കുന്നത് പാൻ ആഫ്രിക്കൻ അസോസിയേഷൻ സൂവിൽ അംഗമായിട്ടുള്ള Mystic Monkeys എന്ന സ്ഥാപനത്തിൽ നിന്നുമാണ്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായാലുടൻ വെള്ള സിംഹത്തെ കൊണ്ടുവരുന്നതാണ്. |
| (സി) | ഇവയ്ക്കു പകരമായി തിരുവനന്തപുരം മൃഗശാലയിൽ നിന്ന് ഏതെങ്കിലും മൃഗങ്ങളെയൊ പക്ഷികളെയോ തിരിച്ചു നൽകേണ്ടതുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (സി) | കാൺപൂർ മൃഗശാലയിലേക്ക് 2 ജോഡി റിയ പക്ഷികളെ നല്കിയാണ് കഴുതപ്പുലികളെ തിരുവനന്തപുരം മൃഗശാലയിലേക്ക് കൊണ്ടുവരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പുതുതായി എത്തുന്ന മൃഗങ്ങൾ എപ്പോൾ തിരുവനന്തപുരം മൃഗശാലയിൽ എത്തിച്ചേരും; വിശദാംശങ്ങൾ നൽകുമോ? | (ഡി) | കഴുതപ്പുലികളെ ജൂൺ മാസത്തോട് കൂടി കൊണ്ടുവരുവാൻ സാധിക്കുമെന്ന് കരുതുന്നു. വെള്ളസിംഹങ്ങളെ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടേയും വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മൃഗശാലയിൽ കൊണ്ടുവരുന്നതാണ്. |

**സെക്ഷൻ ഓഫീസർ**